## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.385** 29/06/2015-ൽ മറുപടിക്ക്

## വൈദ്യുതി ഉല്പാദനവും ഉപഭോഗവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>,, എം. ചന്ദ്രൻ<br>,, ബാബു എം. പാലിശ്ശേരി<br>,, എ.എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർഷാവർഷങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഉല്പാദനം വർദ്ധനവ് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ; | (എ) ഇല്ല. സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനവും ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തതിനാൽ ഈ അന്തരം കൂടുകയാണ്. |
| (ബി) ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്; | (ബി) ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആകെ 187 മെഗാവാട്ട് ശേഷിയുള്ള 12 ജലവൈദ്യുതപദ്ധതികളുടെ പണി നടന്നു വരുന്നു. 398 MW ന്റെ 19 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇവയ്ക്കു പുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം ഇവയിൽ നിന്നുള്ള പദ്ധതികളും നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിടുന്നുണ്ട്. |
| (സി) ഉപഭോഗത്തിന് ആവശ്യമായ ഉല്പാദനം നടക്കാതെ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br><br>(ഡി) ഇത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (സി)യും (ഡി)യും.<br><br>കേന്ദ്രവിഹിതവും മറ്റ് സ്രോതസ്സുകളിൽ കൂടി ലഭിക്കുന്ന വൈദ്യുതിയും ചേർത്ത് മൊത്തം വൈദ്യുതി പുറമെ നിന്ന് എത്തിക്കാൻ പ്രസരണ ഇടനാഴിയുടെ ശേഷി കുറവ് പലപ്പോഴും തടസ്സമാകാറുണ്ട്. അതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിലേർപ്പെട്ടിട്ടുള്ള വൈദ്യുതി മുഴുവനും ലൈനുകളുടെ അപര്യാപ്തത മൂലം എത്തിക്കാൻ കഴിയാതെ വരുന്നു. |

ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി. മൈസൂർ- കോഴിക്കോട് ലൈനും, 400 കെ.വി. തിരുനെൽവേലി- കൊച്ചി-മാടക്കത്തറ ലൈനിന്റെ ഭാഗമായ ഇടമൺ-കൊച്ചി ലൈനിന്റെയും പണി പൂർത്തിയാവുന്നതോടുകൂടി അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെയും തർക്കങ്ങൾ പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ലൈനുകൾ PGCIL ആണ് നിർമ്മിക്കുന്നത്. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് PGCIL-നെ സഹായിക്കുവാനായി ഒരു പ്രത്യേക task force ഉം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ